**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 380** **09-08-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളിലെ സ്പോർട്സ് അഭിരുചി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ ജി എസ് ജയലാൽ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂൾ പാഠ്യപദ്ധതിയുടെയും പഠനാനുബന്ധ പ്രവർത്തനങ്ങളുടെയും ഭാഗമായി വിദ്യാർത്ഥികളിലെ സ്പോർട്സ് അഭിരുചി പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരളത്തിൽ പാഠ്യപദ്ധതിയുടെ ഭാഗമായാണ് കായിക വിദ്യാഭ്യാസവും, സ്പോർട്സും ഉൾപ്പെടുത്തിയിട്ടുള്ളത്. കുട്ടികളുടെ ശാരീരിക, മാനസിക, സാമൂഹിക വികാസമാണ് കായിക പഠനം ലക്ഷ്യമിടുന്നത്. പ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള വിദ്യാർത്ഥികളിൽ കായിക അഭിരുചി വളർത്തുന്നതിനായി സ്കൂൾ പാഠ്യപദ്ധതിയുടേയും, പഠനാനുബന്ധ പ്രവർത്തനങ്ങളുടേയും ഭാഗമായി 38 കായിക ഇനങ്ങളിലായി മത്സരങ്ങൾ നടത്തി വരുന്നു. ഇത് സ്കൂൾ, സബ് ജില്ല, സംസ്ഥാന, ദേശീയ അന്തർ ദേശീയ തലം വരെ വിദ്യാർത്ഥികൾക്ക് മത്സരിക്കാനുള്ള സാധ്യത ഉറപ്പ് നൽകുന്നു. കൂടാതെ പ്രൈമറിതലത്തിലെ കുട്ടികളെ കായിക വിനോദങ്ങളിൽ പങ്കെടുപ്പിക്കുന്നതിനായുള്ള പരിശീലനം നൽകുന്നതിന് സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ കായികാധ്യാപകരെ കരാർ അടിസ്ഥാനത്തിൽ സർക്കാർ സ്കൂളുകളിൽ നിയമിച്ചിട്ടുണ്ട്. ഈ സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ നേതൃത്വത്തിൽ കോവിഡ് കാലത്തും ഓൺലൈനായി പരിശീലനങ്ങൾ യൂട്യൂബ് ചാനൽ വഴി സംഘടിപ്പിക്കുന്നു. 2020-21 വർഷം സർക്കാർ സ്കൂളുകൾക്ക് കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് സ്പോർട്സ് ഗ്രാൻറ് അനുവദിച്ചിട്ടുണ്ട്. ബാസ്കറ്റ്ബോൾ, അത്-ലറ്റിക്സ്, ഫുട്ബോൾ, നീന്തൽ എന്നീ കായിക ഇനങ്ങളിൽ അടിസ്ഥാന പരിശീലന പദ്ധതികളായ ഹൂപ്സ്, സ്പ്രിന്റ്, കിക്കോഫ്, സ്പ്ലാഷ് എന്നീ പദ്ധതികളിൽ കായിക യുവജനകാര്യാലയം മുഖേന തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിൽ ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നു. ഇതോടൊപ്പം ജൂഡോ, ബോക്സിംഗ് എന്നീ കായിക ഇനങ്ങളിൽ |

| | | | |
|---|---|---|---|
| | | | അടിസ്ഥാന പരിശീലന പദ്ധതികളായ ജൂഡോക്ക, പഞ്ച് എന്നിവയും ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | വിദ്യാർത്ഥികളിൽ കായിക സംസ്കാരം വളർത്തിയെടുക്കുന്നതിന് പരിപാടികൾ നിലവിലുണ്ടോ; വിശദമാക്കാമോ; | (ബി) | പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ആരോഗ്യ കായിക പഠനം പ്രീപ്രൈമറി മുതൽ ഉദ്ഗ്രഥിതമായും യു.പി., എച്ച്.എസ് ക്ലാസുകൾ സ്വതന്ത്രമായും എന്ന രീതിയിൽ കായിക പഠനം നടന്നുവരുന്നു. 5 മുതൽ 10 വരെ ക്ലാസുകളിലേക്ക് ടീച്ചർ ടെക്സ്റ്റ്, ആക്ടിവിറ്റി ബുക്കുകൾ എന്നിവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ കൊവിഡ് പശ്ചാത്തലത്തിൽ കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ കായിക വിദ്യാഭ്യാസത്തിന്റെ ഡിജിറ്റൽ ക്ലാസ്സുകൾ സംപ്രേഷണം ചെയ്തു വരുന്നു. കൂടാതെ സമഗ്രശിക്ഷാ കേരളത്തിൻറെ നേതൃത്വത്തിൽ സ്പെഷ്യലിസ്റ്റ് അധ്യാപകരായി ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകരെ കരാർ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട പ്രൈമറി വിദ്യാലയങ്ങളിൽ നിയമിച്ചിട്ടുണ്ട്. സർക്കാർ സ്കൂളുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള തുക അനുവദിച്ചിട്ടുണ്ട്. ജെൻഡർ & ഇക്വിറ്റി ശീർഷകത്തിൽ പെൺകുട്ടികൾക്ക് കരാട്ടേ, തായ്ക്കോണ്ടോ എന്നിവയിൽ പരിശീലനം നൽകിയിട്ടുണ്ട്. |
| (സി) | ഇതിനായി കേന്ദ്രസഹായ പദ്ധതികൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ; | (സി) | കേന്ദ്രസർക്കാർ പദ്ധതിയായ ഖേലോ ഇന്ത്യ സ്റ്റേറ്റ് സെന്റർ ഫോർ എക്സലൻസായി ജി.വി.രാജ സ്പോട്സ് സ്കൂൾ തെരഞ്ഞെടുത്തിട്ടുണ്ട്. അത്-ലറ്റിക്സ്, ജൂഡോ, ബോക്സിംഗ്, ഇനങ്ങളിലെ വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര നിലവാരമുള്ള പരിശീലനം നൽകുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളും പരിശീലകരേയും ഈ പദ്ധതി മുഖാന്തിരം നൽകി വരുന്നു. |
| (ഡി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പ്ളേ ഫോർ ഹെൽത്ത് എന്ന പദ്ധതിയുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ഇതിന്റെ തുടർനടപടികൾ വിശദമാക്കാമോ? | (ഡി) | ഉണ്ട്. കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. കുട്ടികളെ അവരുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്നതിലൂടെ പ്രൊഫഷണൽ ഗെയിമുകളുടെ അടിസ്ഥാന കാര്യങ്ങളിലേക്ക് അവരെ പരിചയപ്പെടുത്തുക, അങ്ങനെ അവരെ സ്പോട്സിലും ഗെയിമുകളിലും പ്രത്യേക താല്പര്യമുള്ളവരാക്കുക, ഇതിലൂടെ ആരോഗ്യമുള്ളതും ഉത്തരവാദിത്വമുള്ളതുമായ പൗരന്മാരെ വാർത്തെടുക്കുക എന്നീ ലക്ഷ്യത്തോടെ |

| | | | |
|---|---|---|---|
| | | | നടപ്പാക്കുന്ന ഈ പദ്ധതി നിലവിൽ സംസ്ഥാനത്തെ 14 ജില്ലകളിലെ 25 സെന്ററുകളിൽ നടപ്പാക്കുന്നുണ്ട്. കൂടുതൽ സ്കൂളുകളിലേയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതി നടപ്പിലാക്കുന്ന കേന്ദ്രങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| പ്ലേ ഫോർ ഹെൽത്ത് കേന്ദ്രങ്ങൾ | | | |
|---|---|---|---|
| ക്ര.നം | ജില്ല | നിയമസഭ മണ്ഡലം | കേന്ദ്രം |
| 1 | കാസർഗോഡ് | കാഞ്ഞങ്ങാട് | ഗവ എൽ.പി.എസ്, കീക്കാംകോട്ട് |
| 2 | കണ്ണൂർ | ധർമ്മടം | ഗവ എൽ.പി.എസ്, മുഴുപ്പിലങ്ങാട് |
| 3 | കണ്ണൂർ | കണ്ണൂർ | ഗവ മിക്സഡ് യു.പി.എസ്, തളാപ്പ് |
| 4 | കണ്ണൂർ | കൂത്തുപറമ്പ് | ട്രൈബൽ യു.പി.എസ്, കണ്ണവം |
| 5 | കോഴിക്കോട് | പേരാമ്പ്ര | ഗവ എൽ.പി.എസ്, വടക്കുമ്പാട് |
| 6 | വയനാട് | കൽപ്പറ്റ | ഗവ എൽ.പി.എസ്, കല്ലുപാടി |
| 7 | മലപ്പുറം | പൊന്നാനി | ഗവ ഫിഷറീസ് എൽ.പി.എസ്, വെളിയംകോട് |
| 8 | മലപ്പുറം | തവനൂർ | ഗവ എൽ.പി.എസ്, എടപ്പാൾ |
| 9 | മലപ്പുറം | ഏറനാട് | ജി.എം. യു.പി.എസ്, അരീക്കോട് |
| 10 | പാലക്കാട് | തരൂർ | ഗവ എൽ.പി.എസ്, പുതുക്കോട് |
| 11 | തൃശ്ശൂർ | കുന്നംകുളം | ഗവ എൽ.പി.എസ്, കടങ്ങോട് |
| 12 | തൃശ്ശൂർ | പുതുക്കാട് | ഗവ എൽ.പി.എസ്, മുക്കത്തുകര |
| 13 | തൃശ്ശൂർ | തൃശ്ശൂർ | ഗവ എൽ.പി.എസ്, മറ്റത്തൂർ |
| 14 | എറണാകുളം | തൃപ്പൂണിത്തുറ | ഉദയംപേരൂർ വെളിയംകോട് വി.ജെ.ബി സ്ക്കൂൾ |
| 15 | ഇടുക്കി | ഉടുമ്പൻചോല | ഗവ എൽ.പി.എസ്, മുണ്ടിയെരുമ |
| 16 | ആലപ്പുഴ | ഹരിപ്പാട് | ഗവ എൽ.പി.എസ്, നങ്ങ്യാർകുളങ്ങര |

| | | | |
|---|---|---|---|
| 17 | ആലപ്പുഴ | ആലപ്പുഴ | ഗവ എൽ.പി.എസ്, പെരുന്നേർമംഗലം |
| 18 | ആലപ്പുഴ | ചേർത്തല | ഗവ എൽ.പി.എസ്, ചക്കരകുളം |
| 19 | ആലപ്പുഴ | അമ്പലപ്പുഴ | ഗവ എൽ.പി.എസ്, അമ്പലപ്പുഴ |
| 20 | പത്തനംതിട്ട | തിരുവല്ല | ഗവ എൽ.പി.എസ്, അമ്പലത്തുകാൽ |
| 21 | കൊല്ലം | കുണ്ടറ | ഗവ ഗോപികാസദനം എൽ.പി.എസ്, പേരൂർ |
| 22 | കൊല്ലം | പുനലൂർ | ഗവ എൽ.പി.എസ്, അറാംപുന്ന |
| 23 | കൊല്ലം | കാഞ്ഞിരപ്പള്ളി | ഗവ എച്ച്.എസ്.എസ്, നെടുങ്കുന്ന് |
| 24 | തിരുവനന്തപുരം | കഴക്കൂട്ടം | എൽ.പി.എസ്, കുളത്തൂർ |
| 25 | തിരുവനന്തപുരം | ചിറയിൻകീഴ് | ജി.എസ്.കെ.വി.എൽ.പി.എസ്, കഠിനംകുളം |